പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2013

08.03.2018 - ൽ മറുപടിക്ക്.

## വ്യവസായ മേഖലയുടെ ഉന്നമനം

ചോദ്യം

ശ്രീ. പി. കെ. ബഷീർ

മറുപടി

ശ്രീ. എ. സി. മൊയ്തീൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

(എ) സംസ്ഥാനത്ത് വ്യവസായ മേഖലയുടെ ഉന്നമനത്തിനായി എന്തൊക്കെ നടപടികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(എ) : സംസ്ഥാനത്തെ വ്യവസായ മേഖലയെ കുറിച്ച് വ്യക്തമായ പഠനം നടത്തുകയും വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നിയമപരമായ അനുമതി വേഗത്തിൽ ലഭ്യമാക്കുന്നതിന് ഉതകുന്ന രീതിയിൽ നിയമങ്ങളിൽ ഭേദഗതി വരുത്തി "ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആന്റ് ഫെസിലിറ്റേഷൻ ഓർഡിനൻസ് - 2017" പുറത്തിറക്കിയിരിക്കുയാണ്. ഓർഡിനൻസ് നിയമമാക്കുന്നതിനുള്ള ബില്ല് നിയമസഭയിൽ അവതരിപ്പിച്ചിരിക്കുകയാണ്. ഇത്തരത്തിൽ വ്യവസായ സൗഹൃദ അന്തരീക്ഷമൊരുക്കി സംസ്ഥാനത്തിന്റെ വ്യവസായ മേഖലയുടെ ഉന്നമനത്തിനുള്ള സമഗ്ര പദ്ധതികളാണ് സർക്കാർ ആവിഷ്കരിച്ചിട്ടുള്ളത്.

വ്യവസായ ജാലകം പദ്ധതി, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, ടെക്നോളജി ക്ലിനിക്കുകൾ, സംരംഭകർക്കുള്ള സാമ്പത്തിക സഹായം നല്കുന്നതിനുള്ള സംരംഭക സഹായ പദ്ധതി, നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ് സിഡി പദ്ധതി, ആഷാ പദ്ധതി, ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാമുകൾ എന്നീ പദ്ധതികളും വ്യവസായ പശ്ചാത്തല സൗകര്യ വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കുന്ന മൾട്ടി സ്റ്റോറീഡ് ശാലകളുടെ നിർമ്മാണം, നിലവിലുള്ള ഡി.എ/ഡി.പി. കളിൽ ജലലഭ്യത വൈദ്യുതികരണം ആഭ്യന്തര റോഡുകളുടെ വികസനം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും, നിക്ഷേപകരുടെ മേളകൾ എം.എസ്.എം.ഇ. ഉത്പന്ന വിപണന മേളകൾ, മെഷീനറി എക്സിബിഷൻ എന്നീ പദ്ധതികളും നടപ്പിലാക്കുന്നതിലൂടെ

സംസ്ഥാനത്ത് വ്യവസായ മേഖലയുടെ വളർച്ച നിരക്ക് വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം കൈവരിക്കാൻ കഴിയും.

സംസ്ഥാനത്ത് വ്യവസായ അന്തരീക്ഷം സൃഷ്ടിച്ച് കൂടുതൽ നിക്ഷേപം കൊണ്ടു വരുന്നതിലൂടെ വ്യവസായ വളർച്ച നിരക്ക് ത്വരിതഗതിയിലാക്കുന്നതിനായി ലോക ബാങ്ക് നിർദ്ദേശ പ്രകാരമുള്ള *ഈസ് ഓഫ് ഡൂയിങ്* സംരംഭം കേരളത്തിൽ നടപ്പാക്കുന്നതിനുള്ള നോഡൽ ഏജൻസിയായി കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനെ നിയോഗിച്ചിട്ടുണ്ട്.

(ബി) സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് പ്രത്യേകിച്ച് ഇലക്ട്രോണിക്സ്, ഐ.ടി മേഖലയുടെ വളർച്ചയും പ്രോത്സാഹനത്തിനുമായി നടപ്പിലാക്കുവാൻ പോകുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദീകരിക്കുമോ ;

(ബി) : സ്റ്റാർട്ട് അപ്പ് സംരംഭങ്ങൾക്ക് പ്രത്യേകിച്ച് ഇലക്ട്രോണിക്സ്, ഐ.ടി മേഖലയുടെ വളർച്ചയും പ്രോത്സാഹനത്തിനുമായി യുവ സംരംഭകത്വ വികസന പദ്ധതി, ടെക്നോളജി ഇന്നവേഷൻ സോൺ എന്നീ രണ്ടു പദ്ധതികളാണ് നടപ്പിലാക്കുന്നത്. ഇതിന്റെ ലക്ഷ്യങ്ങളും വിശദാംശങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.

(സി) സംസ്ഥാനത്തിന്റെ വ്യവസായിക രംഗത്ത് സമാധാനപരമായ തൊഴിൽ അന്തരീക്ഷം ഉറപ്പുവരുത്തുന്നതിനും നോക്ക് കൂലി ഉൾപ്പെടെയുള്ളവ ഇല്ലാതാക്കി സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിനും നടപടികൾ സ്വീകരിക്കുമോ ?

(സി) : വ്യവസായ രംഗത്ത് സമാധാനാന്തരീക്ഷം പുലർത്തുന്നതിന് വ്യവസായ സംബന്ധമായ വിഷയങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുന്നതിനായി എല്ലാ ജില്ലകളിലും ഡിസ്ട്രിക്ട് ഇൻഡസ്ട്രിയൽ ഡവലപ്പ്മെന്റ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനും ജില്ല വ്യവസായ കേന്ദ്രം ജനറൽ മാനേജർ കൺവീനറുമായിട്ടുള്ള ഒരു കമ്മിറ്റിയാണിത്. ഈ കമ്മിറ്റിയിൽ വ്യവസായങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന വിവിധ ഏജൻസികൾ, സർക്കാർ വകുപ്പുകൾ, തൊഴിലാളി സംഘടനാ പ്രതിനിധികൾ, വിവിധ അസോസിയേഷൻ പ്രതിനിധികൾ എന്നിവർ അംഗങ്ങളോ ക്ഷണിതാക്കളോ ആയിരിക്കും. ഈ കമ്മിറ്റി വ്യവസായ സംരംഭങ്ങളെ സംബന്ധിച്ച വിഷയങ്ങൾ ചർച്ചചെയ്യുകയും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളെ അറിയിച്ച് പരിഹാരം തേടുന്നുമുണ്ട്. നോക്കുകൂലി ഇല്ലാതാക്കുക എന്നതാണ് സർക്കാർ നയം.

സെക്ഷൻ ഓഫീസർ.

അനുബന്ധം

2017 ൽ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച വിവര സാങ്കേതിക വിദ്യാ നയത്തിന് 9 ഉപനയങ്ങളുണ്ട്. അതിൽ 7-ാം ഉപനയം - സാങ്കേതിക നൂതനതയും സംരംഭകത്വ നയവും നടപ്പിലാക്കുന്നതിനുള്ള വിവിധ പ്രവർത്തനങ്ങൾ കേരളാ സ്റ്റാർട്ടപ്പ് മിഷൻ നടത്തിവരുന്നു. പ്രസ്തുത ഉപനയത്തിൻറെ ഉദ്ദേശലക്ഷ്യങ്ങൾ താഴെ പറയുന്നവയാണ്.

1. ഗവേഷണ വികാസത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കുക.
2. ഇന്നവേഷനു വേണ്ട സാഹചര്യവും അവസ്ഥയും സൃഷ്ടിക്കുക.
3. സാങ്കേതിക സംവിധാനങ്ങൾക്ക് വാണിജ്യ സാധ്യത ഉണ്ടാക്കുക.
4. സംരംഭകത്വ പരിസരത്തിൻറെ വളർച്ച പ്രോത്സാഹിപ്പിക്കുക.
5. പുതു സംരംഭകർക്ക് പ്രവേശനത്തിനുള്ള തടസ്സങ്ങൾ കുറയ്ക്കുക.
6. നൂതനതയ്ക്കായുള്ള അടിസ്ഥാന സൗകര്യം സ്ഥാപിക്കുക. (സാങ്കേതിക മാറ്റത്തിനുള്ള ലാബുകൾ, ശാസ്ത്ര ഹബ്ബ്, ബിസിനസ്/സാങ്കേതിക ഇൻകുബേറ്ററുകൾ).
7. ചെറുകിട ഇടത്തരം സംരംഭങ്ങളിൽ തന്ത്രപരമായ സാങ്കേതികത പ്രോത്സാഹിപ്പിക്കുക.
8. വിപണനത്തിനു മുമ്പുള്ള നിക്ഷേപം വർദ്ധിപ്പിക്കുക.
9. നികുതി ആനുകൂല്യങ്ങൾ നൽകുക (ഗവേഷണ വികസന നികുതി നിക്ഷേപം, ആനുകൂല ആസ്തി, മൂല്യ ആനുകൂല്യങ്ങൾ)
10. പുതിയ സാങ്കേതികതയിൽ പരമ്പരാഗത വ്യവസായം പ്രോത്സാഹിപ്പിക്കുക.

പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിനായി രണ്ട് പ്രധാന പദ്ധതികളിലായാണ് പ്രവർത്തനം നടത്തി വരുന്നത്.

1. **യുവ സംരംഭകത്വ വികസന പദ്ധതി:** സ്കൂൾ തലം മുതൽ സാങ്കേതികതയിലും സംരംഭകത്വത്തിലും താൽപ്പര്യം ജനിപ്പിക്കുന്നതിന് ഉതകുന്ന പദ്ധതി മുതൽ മികച്ച സാങ്കേതിക ആശയവുമായി സമീപിക്കുന്ന സംരംഭകന് മികച്ച കമ്പനിയായി വികസിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നത് വരെയുള്ള വിവിധ ഘടകങ്ങൾ അടങ്ങിയതാണ് യുവ സംരംഭകത്വ വികസന പദ്ധതി. ഘടകങ്ങൾ താഴെ പറയുന്നവയാണ്.

   - *ഫ്യൂച്ചർ സ്പാർക്ക്:* ഭാവി സാങ്കേതികത സ്കൂൾ വിദ്യാർത്ഥികൾക്ക് പരിചയപ്പെടുന്നതിനും അതിലൂടെ സംരംഭകത്വ താൽപ്പര്യം ജനിപ്പിക്കുന്നതിനുമുള്ള പദ്ധതി. ഈ പദ്ധതി 2018 ഫെബ്രുവരി 8-ാം തീയതി ബഹു. റവന്യൂ വകുപ്പ് മന്ത്രി ഉദ്ഘാടനം ചെയ്തു.

- *ഫാബ് ലാബ്:* ഉൽപ്പന്നങ്ങളുടെ മാതൃകകൾ രൂപകൽപ്പന ചെയ്ത് സൃഷ്ടിക്കുന്നതിനാവശ്യമായ സാങ്കേതിക സൗകര്യങ്ങളുൾപ്പെട്ട ഫാബ് ലാബുകൾ തിരുവനന്തപുരത്തും, കൊച്ചിയിലും സ്ഥാപിച്ചിട്ടുണ്ട്.

- *മിനി ഫാബ് ലാബുകൾ:* കേരളാ ടെക്നോളജി യൂണിവേഴ്സിറ്റിയുടെ സഹകരണത്തോടെ 20 സർക്കാർ, സർക്കാർ മേൽനോട്ടത്തിലുള്ള സ്വാശ്രയം, സ്വകാര്യ സ്വാശ്രയം എൻജിനീയറിങ്ങ് കോളേജുകളിലായി മിനി ഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

- *ഫ്യൂച്ചർ ലാബ്:* ഭാവി സാങ്കേതിക വിദ്യകളായ AR, VR, AI തുടങ്ങിയവയിൽ പരിശീലിക്കുന്നതിനും പരീക്ഷിക്കുന്നതിനുമായുള്ള സൗകര്യം തിരുവനന്തപുരത്തുള്ള ഫ്യൂച്ചർ ലാബിൽ ലഭ്യമാണ്. കൂടുതൽ ലാബുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിച്ച് വരുന്നു.

- *സീഡ് ധനസഹായം:* സ്റ്റാർട്ടപ്പുകൾക്ക് ആദ്യകാല പ്രവർത്തനങ്ങൾക്കുള്ള നിക്ഷേപം ലഭിക്കുന്നതിനുള്ള തടസ്സം പരിഹരിക്കുന്നതിനായി സീഡ് ഫണ്ട് ലഭ്യമാക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു.

- *കേരളാ സ്പെസിഫിക് ഏഞ്ചൽ ഫണ്ട്:* സെബി അംഗീകാരമുള്ള ഫണ്ടുകളിൽ നിശ്ചിത തുക നിക്ഷേപിച്ച് ചുരുങ്ങിയത് അതിൻറെ ഇരട്ടി തുക കേരളാ സ്റ്റാർട്ടപ്പുകളിൽ നിക്ഷേപമായി ലഭ്യമാക്കുന്ന പദ്ധതിയും നിലവിലുണ്ട്.

- *സാങ്കേതിക വിപണനത്തിനുള്ള വേദി:* VSSC/ISRO, CDAC, Sri Chithra തുടങ്ങിയ ശാസ്ത്ര സാങ്കേതിക മേഖലയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളേയും ശാസ്ത്രജ്ഞൻമാർ, ഇന്നവേറ്റർമാർ, സ്റ്റാർട്ടപ്പുകൾ തുടങ്ങിയവരെ തമ്മിൽ ബന്ധിപ്പിച്ച് ലഭ്യമായ സാങ്കേതിക ആശയങ്ങൾ പങ്കുവച്ച് മെച്ചപ്പെടുത്തുന്നതിനുള്ള ഒരു പ്ലാറ്റ്ഫോം വികസിപ്പിച്ച് വരുന്നു. താമസിയാതെ പ്രവർത്തനം ആരംഭിക്കുന്നതാണ്.

- *ഓപ്പൺ ഇന്നവേഷനുള്ള വേദി:* സാങ്കേതികതയുമായി ബന്ധപ്പെട്ട വേദികൾ സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള സാധ്യത പരിശോധിച്ച് വരുന്നു.

- *റൂറൽ ഇന്നവേഷൻ & എൻറർപ്രണർഷിപ്പ് കാമ്പസ്:* ഗ്രാമീണ മേഖലയിലെ ഉൽപ്പന്നങ്ങളെ സാങ്കേതികതയുമായി സംയോജിപ്പിച്ച് ഉൽപ്പാദന ചെലവ് കുറയ്ക്കുന്നതിനും ഉൽപ്പാദനത്തിൻറെ അളവും മേന്മയും വർദ്ധിപ്പിക്കുന്നതിനുമായി സെൻററുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ച് വരുന്നു.

- *സ്റ്റാർട്ടപ്പ് ബോക്സ്:* സ്റ്റാർട്ടപ്പുകളുടെ ഉൽപ്പാദനത്തിനും ഗുണനിലവാര പരിശോധിക്കുന്നതിനും ആവശ്യമായ ഉപകരണങ്ങൾ ഇൻകുബേറ്ററുകൾ വഴി ലഭ്യമാക്കുന്ന പദ്ധതിയും നടപ്പിലാക്കി വരുന്നു.

2. **ടെക്നോളജി ഇന്നവേഷൻ സോൺ:** എറണാകുളം കളമശ്ശേരിയിൽ 13.2 ഏക്കർ സ്ഥലത്ത് പൂർണ്ണതോതിലുള്ള ഒരു ഇന്നവേഷൻ ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. ഓഫീസ് പ്ലാസാ കെട്ടിട സമുച്ചയത്തിൻറെ നിർമ്മാണം നടപ്പു വർഷം പൂർത്തിയാകും. ഒരു കെട്ടിട സമുച്ചയം സോഫ്റ്റ് വെയർ ടെക്നോളജി പാർക്സ് ഓഫ് ഇൻഡ്യ ആണ് നിർമ്മിക്കുന്നത്. അത് ഉടനെ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റു രണ്ട് കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി KIIFB അംഗീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനത്തിനുള്ള ചുമതല KSITIL ആണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളും താമസംവിനാ ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

രാജീവ് ഗാന്ധി സെൻറർ ഫോർ ബയോടെക്നോളജിയുടെ മേൽനോട്ടത്തിലുള്ള ബയോടെക്നോളജി ഇൻകുബേറ്റർ, IIITM-K യുടെ മേൽനോട്ടത്തിലുള്ള ഇലക്ട്രോണിക്സ് ഇൻകുബേറ്റർ കേരളാ സ്റ്റാർട്ടപ്പ് മിഷൻറെ ഇൻകുബേറ്റർ, ഫാബ് ലാബ് എന്നിവ നിലവിൽ പ്രസ്തുത സോണിൽ പ്രവർത്തിച്ചു വരുന്നു.

പിണറായി വിജയൻ